Day 80 of 90 days ✝✝✝ 13th January 2018

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

യേശു നമ്മളെ കൈവിട്ടിട്ടില്ല, കൈ വിടുകയുമില്ല. നമ്മൾ വീണു കിടക്കുന്ന സ്ഥാനത്തേക്കു തന്നെ അവൻ ഇറങ്ങി വരുന്നു. അവന്റെ ശബ്ദം നമ്മൾക്ക് ശ്രവിക്കാം. അവൻ പറയുന്നത്, യഹോവയിൽ പ്രത്യാശ വയ്ക്കുക, എഴുന്നേൽക്കുക, ദൈവത്തെ സ്തുതിക്കുക. ഇതിൽ പൗലൊസിന്റെ ദൃഢവും ധനാത്മക വിശ്വാസത്തിന്റെ ഫലവുമായ വാക്കുകൾ ശ്രദ്ധിക്കുക. 2 കൊരിന്ത്യർ 4:9 ൽ അവൻ പറയുന്നു, ഞങ്ങൾ വീണു കിടക്കുന്നവർ എങ്കിലും നശിച്ചുപോകുന്നില്ല. ഞങ്ങൾ സകലവിധത്തിലും കഷ്ടം സഹിക്കുന്നവരാണ്. ഞങ്ങൾ ബുദ്ധിമുട്ടു സഹിക്കുന്നവരാണ്. ഞങ്ങൾ ഉപദ്രവിക്കപ്പെടുന്നവരാണ്. അങ്ങനെ ഞങ്ങൾ പലപ്പോഴും വീണുകിടക്കേണ്ടിവരാറുണ്ട്. പക്ഷെ അതുകൊണ്ടൊന്നും ഞങ്ങൾ നശിക്കുന്നില്ല, നശിക്കുകയുമില്ല. കാരണം ദൈവത്തിന്റെ ദാനമായ ആ അത്യന്തശക്തിയാം പരിശുദ്ധാത്മാവ് ഞങ്ങളുടെ ഈ മൺപാത്രങ്ങളിൽ വസിക്കുന്നുണ്ട്. യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരങ്ങളിൽ വെളിപ്പെടുന്നുമുണ്ട്. സ്നേഹിതാ, നാം അനുഭവിക്കുന്ന കഷ്ടതയും പീഢയും ബുദ്ധിമുട്ടും അതിഭയാനകമാണെന്നും നാം ചിന്തിക്കുന്നുണ്ടായിരിക്കാം. പക്ഷെ, പൗലൊസും മററു അപ്പൊസ്തലപിതാക്കന്മാരും അനുഭവിച്ചതിനോട് താരതമ്യപ്പെടുത്തിയാൽ അവ കേവലം നിസ്സാരങ്ങളാണ്. വീഴുന്ന അനുഭവം അവരുടെ ജീവിതത്തിലുണ്ടായി. പക്ഷെ അവർ നശിച്ചില്ല. കാരണം, യേശുവിന്റെ ജീവനും ആത്മാവിന്റെ ശക്തിയും അവരെ താങ്ങുവാനുണ്ടായിരുന്നു. ആ ജീവനും ആ അത്യന്തശക്തിയും നമ്മെ താങ്ങുവാനും നമ്മെ എഴുന്നേൽപ്പിക്കുവാനും നമ്മുടെ കൂടെയുണ്ട്. എങ്കിൽ ആത്മാവേ! നീ ഉള്ളിൽ വിഷാദിച്ച് ഞരങ്ങികൊണ്ട് കിടക്കുന്നതെന്ത്? ദൈവത്തിൽ പ്രത്യാശ വയ്ക്കുക. അവന്റെ ശക്തി നമ്മെ എഴുന്നേൽപ്പിക്കും. ആകയാൽ എഴുന്നേററ് ദൈവത്തെ സ്തുതിക്കുക. ഈ അനുഭവത്തിന് അനേക ഉദാഹരണങ്ങൾ ദൈവവചനത്തിൽ കഴിയുമെങ്കിലും ഏവർക്കും സുപരിചിതമായ ഏലിയാവിന്റെ അനുഭവം പ്രത്യേകാൽ ശ്രദ്ധേയമാണ്. ദൈവത്തിനുവേണ്ടി വൻകാര്യങ്ങളെ ചെയ്തുകൊണ്ട് ചുററിസഞ്ചരിച്ചുവനായ ഏലിയാവ്, രാജാവിന്റെ സന്നിധിയിൽ പ്രത്യക്ഷപ്പെട്ട് വരുവാൻ പോകുന്ന ന്യായവിധിയെ അറിയിക്കുവാൻ മടിക്കാതിരുന്ന ഏലിയാവ്, ദൈവം തന്റെ ജനത്തെ ഏതെല്ലാം അത്ഭുതമാർഗ്ഗങ്ങളിലൂടെ പോഷിപ്പിക്കും എന്ന് സ്വന്തജീവിതത്തിൽ അനുഭവിച്ചറിഞ്ഞവനായ ഏലിയാവ്, തന്നെ കണ്ടാലുടനെ കൊല്ലുവനായി കാത്ത് കാത്തിരിക്കുന്ന രാജാവിന്റെ മുമ്പിൽ ദൈവത്തിന്റെ ദൂതുമായി പ്രത്യക്ഷപ്പെടുവാൻ ധൈര്യം കാണിച്ച ഏലിയാവ്, കർമ്മേൽ പർവ്വതമുകളിൽ നിന്നുകൊണ്ട് അന്യദേവന്മാരുടെ പ്രവാചകന്മാരെയെല്ലാം വെല്ലുവിളിക്കുകയും പ്രാർത്ഥിച്ചു ആകാശത്തുനിന്നും തീ ഇറക്കി യഹോവ തന്നെ ദൈവം എന്നു തെളിയിക്കുകയും കള്ളപ്രവാചകന്മാരെ ഒന്നൊഴിയാതെ കൊന്നൊടുക്കുകയും ചെയ്ത ഏലിയാവ്.

തുടരും...